**അടിയന്തരപ്രമേയം**

പാറയിൽ സാജന്റെ ആത്മഹത്യ

മി. സ്പീക്കർ: കണ്ണൂർ ജില്ലയിലെ ആന്തൂർ മുനിസിപ്പാലിറ്റിയിൽപ്പെട്ട ബക്കളത്ത് പാറയിൽ സാജൻ എന്നയാൾ നിർമ്മിച്ച കൺവെൻഷൻ സെന്ററിനും കല്യാണ മണ്ഡപത്തിനും കെട്ടിട നമ്പരും മറ്റ് രേഖകളും നിഷേധിച്ചതിനെ തുടർന്ന് പാറയിൽ സാജൻ 18-6-2019-ന് ആത്മഹത്യ ചെയ്തതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സംഭവത്തിന് ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. സണ്ണി ജോസഫ്, കെ. എൻ. എ. ഖാദർ, ഡോ. എൻ. ജയരാജ്, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, കണ്ണൂർ ജില്ലയിലെ ആന്തൂർ പ്രദേശത്ത് സാജൻ പാറയിൽ ആത്മഹത്യ ചെയ്ത സംഭവം വളരെ ദൗർഭാഗ്യകരം തന്നെയാണ്. ഇക്കാര്യം ഇന്നലെ ശ്രദ്ധയിൽപ്പെട്ട

സമയത്തുതന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെ ചുമതലപ്പെടുത്തി വിവരങ്ങൾ ലഭ്യമാക്കുകയും ചെയ്തു. അത് പരിശോധിച്ചതിൽനിന്ന് ആന്തൂർ നഗരസഭയുടെ കാന്തൂർ ദേശത്ത് റീസർവ്വേ നമ്പർ 141-3 ഉൾപ്പെട്ട സ്ഥലത്ത് ഓഡിറ്റോറിയം വിത്ത് ഡൈനിംഗ് ഹാൾ നിർമ്മാണാനുമതിക്കായി 10-10-2013-ന് ശ്രീ. പാലോളി പുരുഷോത്തമൻ എന്നയാൾ സമർപ്പിച്ച അപേക്ഷയിൽ 29-10-2015-ന് ചീഫ് ടൗൺ പ്ലാനറുടെ അംഗീകാരത്തിന്റെയും 16-1-2016-ന് ഫയർ എൻ.ഒ.സി.-യുടേയും 26-4-2016-ന് പൊലൂഷൻ കൺട്രോൾ ബോർഡിന്റെ എൻ.ഒ.സി.-യുടെയും അടിസ്ഥാനത്തിൽ നഗരസഭ 23-5-2016-ന് ഈ നിർമ്മാണത്തിന് അനുമതി നൽകി പെർമിറ്റ് അനുവദിച്ചിട്ടുള്ളതാണ്. മരണപ്പെട്ട സാജൻ കെട്ടിടനിർമ്മാണ പെർമിറ്റ് ലഭിച്ച ശ്രീ. പാലോളി പുരുഷോത്തമൻ എന്ന വ്യക്തിയുടെ മകളുടെ ഭർത്താവാണെന്നാണ് മനസ്സിലാക്കിയിട്ടുള്ളത്. പെർമിറ്റെടുത്ത കെട്ടിട നിർമ്മാതാവ് എന്നനിലയിൽ വ്യാഖ്യാനിക്കുന്നത് ശരിയല്ല. അദ്ദേഹത്തിന്റെ മകളുടെ ഭർത്താവാണ് സാജൻ. 12-4-2019-നാണ് പ്രസ്തുത നിർമ്മാണം പൂർത്തീകരിച്ച് നഗരസഭാ ഓഫീസിൽ ഒക്യുപൻസി സർട്ടിഫിക്കറ്റിന് അപേക്ഷ ലഭിക്കുന്നത്. ഏപ്രിൽ മാസത്തിലാണ്. 30-4-2019-ന് പ്രസ്തുത നിർമ്മാണത്തിൽ ഏതാനും

ചട്ടലംഘനങ്ങളുണ്ടെന്ന് കാണിച്ച് നോട്ടീസ് നൽകുകയും തുടർന്ന് 28-5-2019-ന് അപാകതകൾ പരിഹരിച്ചുവെന്ന് കാണിച്ച് അംഗീകാരത്തിനായി 28-5-2019-ന് സെക്രട്ടറി മുൻപാകെ ഫയൽ അംഗീകാരത്തിനായി എത്തുകയും ചെയ്തു. നടപടിക്രമത്തിന്റെ ഭാഗമായി അപാകതകളുണ്ടോയെന്ന് പരിശോധിച്ച് ഫയൽ സമർപ്പിക്കാൻ 06-06-2019-ന് അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർദേശം നൽകി. ഇതുസംബന്ധിച്ചുള്ള എ.ഇ.-യുടെ റിപ്പോർട്ടിലും ഏതാനും അപാകതകളുണ്ട്. അത് പരിഹരിക്കണമെന്ന് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഈ പെർമിറ്റ് ലഭിച്ച പുരുഷോത്തമന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ സംയുക്ത പരിശോധനയും ഇതിന്റെ ഭാഗമായി നടത്തിയിട്ടുണ്ട്. ചട്ടലംഘനമുണ്ടെന്ന് കാണിച്ചപ്പോൾ ജില്ലാ ടൗൺ പ്ലാനറും മുനിസിപ്പാലിറ്റി ഉദ്യോഗസ്ഥനും ചേർന്ന് അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ തന്നെ സംയുക്ത പരിശോധന നടത്തണമെന്ന് ആവശ്യപ്പെട്ടിരുന്നു. അങ്ങനെ ഉദ്യോഗസ്ഥർ ഒരു പരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്. അതിന്റെ റിപ്പോർട്ടും മുനിസിപ്പാലിറ്റിയിൽ ലഭ്യമായിട്ടുണ്ട്. സംയുക്ത പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ പരിഹരിക്കാൻ നഗരസഭയിൽനിന്നും രേഖാമൂലം അദ്ദേഹത്തിനോട് ആവശ്യപ്പെട്ടിരുന്നു. കെട്ടിടനിർമ്മാണത്തിൽ വരുത്തിയ ചട്ടലംഘനങ്ങൾ

പരിഹരിക്കാമെന്നും അനധികൃതമായി നിർമ്മിക്കുകയും പിന്നീട് ഭിത്തി കെട്ടി അടയ്ക്കുകയും ചെയ്ത ഭാഗങ്ങൾ യൂട്ടിലിറ്റി സ്പെയ്സായി ഉപയോഗിക്കില്ലായെന്നും അദ്ദേഹം രേഖാമൂലം ഉറപ്പ് നൽകിയിട്ടുമുണ്ട്. നിർമ്മിച്ച കെട്ടിടത്തിന് ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകിയതിൽ എന്തെങ്കിലും വീഴ്ച സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിന് നഗരകാര്യ റീജിയണൽ ഡയറക്ടറുടെ നേതൃത്വത്തിലും കെട്ടിടനിർമ്മാണ ചട്ടങ്ങൾ ലംഘിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിന് സി.ടി.പി. വിജിലൻസിന്റെ നേതൃത്വത്തിലും രണ്ട് പരിശോധനാ സംഘങ്ങളെ ഇതിനകം നിയോഗിച്ചുകഴിഞ്ഞിട്ടുണ്ട്. ഈ രണ്ട് റിപ്പോർട്ടുകളും സമയബന്ധിതമായി നൽകാനാണ് ആവശ്യപ്പെട്ടിട്ടുള്ളത്. അത് ലഭിക്കുന്ന മുറയ്ക്ക് കുറ്റക്കാർക്കെതിരായി, ഇതിൽ ചട്ടലംഘനത്തിന്റെ ഭാഗമായ പ്രശ്നങ്ങളും അതുപോലെ അദ്ദേഹത്തിന് നൽകുന്നതിൽ കാലതാമസം വന്നിട്ടുണ്ടോയെന്ന് പരിശോധിച്ച് കിട്ടുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും കുറ്റക്കാർക്കെതിരായി കർശനമായ നടപടികൾ സ്വീകരിക്കാൻ തന്നെയാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ ഭാഗമായി കെട്ടിടനിർമ്മാണ ചട്ടങ്ങൾ ഭേദഗതി ചെയ്ത് പെർമിറ്റിന് അപേക്ഷിച്ചാൽ 30

ദിവസത്തിനകം പെർമിറ്റ് അപേക്ഷകർക്ക് നൽകാനും പൂർണ്ണമായ അപേക്ഷകൾ സമർപ്പിച്ചിട്ടും സമയബന്ധിതമായി പെർമിറ്റ് നൽകാതിരുന്നാൽ ആയത് ഡീംഡ് പെർമിറ്റായി കണക്കാക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. അക്കാര്യങ്ങളിലൊക്കെ നമ്മൾ ഒരുമിച്ചുനിന്നാണ് അത്തരമൊരു നിയമ നിർമ്മാണം കേരളത്തിൽ നടപ്പിലാക്കിയത്. വളരെ എളുപ്പത്തിൽത്തന്നെ കേരളത്തിൽ സംരംഭങ്ങൾ തുടങ്ങാൻ ആളുകൾക്ക് അവസരം ഉണ്ടാകണമെന്നതന്നെയാണ് സർക്കാർ നിലപാട്. ഈ സംഭവത്തിൽ അദ്ദേഹത്തിന്റെ സഹോദരനായ ശ്രീജിത്തിന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ വളപട്ടണം പോലീസ് അസ്വാഭാവിക മരണത്തിന് ഒരു കേസ് എടുത്തിട്ടുണ്ട്. അദ്ദേഹം എഫ്.ഐ.ആർ.-ൽ കൊടുത്ത മൊഴിയുടെ അടിസ്ഥാനത്തിൽ ഏതോ മാനസിക വിഷമമാണ് മരിക്കാൻ കാരണമെന്ന് പറയുന്നു. മൃതദേഹ പരിശോധനയിൽ നിന്നും ആത്മഹത്യാകുറിപ്പുകളൊന്നും ലഭിച്ചിട്ടില്ല. വളപട്ടണം ഇൻസ്പെക്ടർ കേസന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. അപൂർവ്വങ്ങളായി ഇത്തരം സംഭവങ്ങൾ ഉണ്ടാകുന്നുണ്ട്. അത് നമുക്ക് മോശമായ പ്രതിഛായ ഉണ്ടാക്കുന്നുവെന്നത് വസ്തുതയാണ്. തീർച്ചയായും അനാവശ്യ കാലതാമസമുണ്ടാക്കുന്ന ഇത്തരം കേസുകളെ ഒഴിവാക്കാൻ അതികർശനമായ

നടപടികൾ തന്നെ ഇക്കാര്യത്തിൽ സ്വീകരിക്കും. പക്ഷേ, ശ്രീ. സണ്ണി ജോസഫ് പറയുന്നതുപോലെ ഇക്കാര്യത്തിൽ എന്തെങ്കിലും കുറ്റകരമായ അനാസ്ഥ അധികൃതരുടെ ഭാഗത്തുനിന്നുണ്ടായി എന്നുള്ളതല്ല ഇപ്പോൾ വന്നിട്ടുള്ള വിവരം. അങ്ങനെ എന്തെങ്കിലും അന്വേഷണത്തിന്റെ ഭാഗമായി വെളിവാക്കപ്പെട്ടാൽ കർശനമായ നടപടികൾ സർക്കാർ സ്വീകരിക്കും അതിനാവശ്യമായ അന്വേഷണം നടത്തുമെന്നാണ് അതിന്റെ ഭാഗമായി പറയാനുള്ളത്. ഈ വിഷയം അടിയന്തരമായി ചർച്ച ചെയ്യേണ്ട സാഹചര്യം ഇപ്പോഴില്ലെന്നാണ് എന്റെ അഭിപ്രായം.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, മന്ത്രിക്ക് വ്യക്തമായൊരു മറുപടി പറയാനില്ലെന്ന് അദ്ദേഹത്തിന്റെ വാക്കുകൾതന്നെ തെളിവാണ്. സാജന്റെ ഭാര്യാപിതാവ് ശ്രീ. പുരുഷോത്തമന്റെ പേരിലാണ് അപേക്ഷയെന്നാണ് അദ്ദേഹം പറഞ്ഞത്. ഒരു പാർട്ട്ണർഷിപ്പ് ഉണ്ടാക്കിയെന്നത് ശരിയാണ്. നൈജീരിയയിൽ കഴിഞ്ഞ 16 വർഷമായി കഠിനാധ്വാനം ചെയ്ത് സമ്പാദിച്ച 16 കോടി രൂപ കൊണ്ടാണ് അദ്ദേഹം ബക്കളത്ത് വളരെ മനോഹരമായി പാർത്ഥ എന്ന കൺവെൻഷൻ സെന്റർ പണിതിട്ടുള്ളത്. അതിൽ ഭാര്യ ബീനയും ഭാര്യാ പിതാവ് പുരുഷോത്തമനും പാർട്ട്ണർ ആണ്. ഇദ്ദേഹം നാട്ടിലില്ലാത്ത പല

സമയങ്ങളിലും ഭാര്യാ പിതാവാണ് signature authority. അതുകൊണ്ട് ഭാര്യാ പിതാവിന്റെ പേരിൽ തന്നെയാണ് അപേക്ഷ കൊടുത്തിട്ടുള്ളത്. ഇതിന്റെ മെയിൻ ഉടമസ്ഥൻ/ഇതിൽ പണം മുടക്കിയത് സാജന്റെ വിയർപ്പാണെന്നുള്ള കാര്യത്തിൽ യാതൊരു സംശയവും ഇല്ല. മന്ത്രി അതിനെ വളരെ ലാഘവബുദ്ധിയോടുകൂടിയാണ് പറഞ്ഞത്. മറ്റൊരു കാര്യം ഇത് വളരെ നിയമാനുസൃതം പണിപൂർത്തിയാക്കിയതാണ്. ചീഫ് ടൗൺ പ്ലാനറുടെ തിരുവനന്തപുരത്ത് നിന്നുള്ള പ്ലാൻ അംഗീകരിച്ച് അതിന്റെയടിസ്ഥാനത്തിൽ തന്നെയാണ് പണിതത്. പണി പൂർത്തീകരിച്ചുവരുന്ന സമയത്താണ് മുനിസിപ്പൽ അധികാരികൾ ഈ സ്ഥാപനത്തിന്റെ കുറെ ഭാഗങ്ങൾ പൊളിച്ചുമാറ്റണമെന്ന് ഒരു മെമ്മോ നൽകിയത്. അപ്പോൾത്തന്നെ സാജൻ മുനിസിപ്പൽ അധികാരികളെ കാണുകയും ഇത് പൊളിക്കേണ്ട ആവശ്യമില്ലെന്ന് അവരെ ബോധ്യപ്പെടുത്താൻ ശ്രമിക്കുകയും ചെയ്തു. അവർ ബോധ്യപ്പെട്ടിട്ടില്ല. ആ സമയത്താണ് സി.പി.ഐ.(എം)-ന്റെ ജില്ലാ സെക്രട്ടറിയായിരുന്ന ശ്രീ. പി. ജയരാജിനെ കണ്ടത്. ആന്തൂർ നഗരസഭ എന്നു പറഞ്ഞാൽ കോൺഗ്രസ്സ് ഉൾപ്പെടെയുള്ള പ്രതിപക്ഷത്തിന് നോമിനേഷൻ പോലും കൊടുക്കാൻ സാധിക്കാത്ത സ്ഥലമാണ്. വോട്ടില്ലാഞ്ഞിട്ടല്ല, കഴിഞ്ഞ

തെരഞ്ഞെടുപ്പിൽപ്പോലും പ്രതിപക്ഷത്തിന് 5000-ത്തിനടുത്ത് വോട്ട് കിട്ടിയിട്ടുണ്ട്. പക്ഷേ നോമിനേഷൻ കൊടുക്കാൻ സമ്മതിക്കാത്ത സ്ഥലമാണ്. അവിടെ ചെയർപേഴ്സൺ ശ്രീമതി പി.കെ. ശ്യാമള ടീച്ചർ ഉൾപ്പെടെയുള്ള നഗരസഭാ അധികാരികളെ കണ്ട് ഇത് ബോധ്യപ്പെടുത്താൻ ശ്രമിച്ചു. പക്ഷേ അവർ തയ്യാറായില്ല. ശ്രീ. പി. ജയരാജന് പരാതികൊടുത്തു. അദ്ദേഹത്തിന്റെ ഉപദേശപ്രകാരമാണ് കണ്ണൂർ ജില്ലാ ടൗൺ പ്ലാനർക്ക് പരാതി കൊടുത്തത്. അപ്പോൾ ജില്ലാ ടൗൺ പ്ലാനർ എന്ത് ചെയ്തു? സാധാരണ ഗതിയിൽ ടൗൺ പ്ലാനിംഗ് ഉദ്യോഗസ്ഥന്മാരാണ് ഇത്തരംകാര്യങ്ങളിൽ അപാകതകളുണ്ട്, റൂൾസ് വയലേഷൻസുണ്ട് എന്നുപറഞ്ഞ് കൊടുക്കാൻ വിസമ്മതിക്കുന്നത്. ജില്ലാ ടൗൺപ്ലാനർ, മുനിസിപ്പൽ സെക്രട്ടറി, മുനിസിപ്പൽ എഞ്ചിനീയർ എന്നിവരുടെ ഒരു ടീം ഈ സ്ഥലം വിസിറ്റ് ചെയ്തു. ടീം വിസിറ്റ് ചെയ്യുന്ന സമയത്തുതന്നെ പറഞ്ഞു, എന്താണ് ഇതിന് അപാകത; റൂൾസ് വയലേഷനൊന്നും ഞാൻ കാണുന്നില്ലല്ലോയെന്ന് ജില്ലാ ടൗൺ പ്ലാനർ, സെക്രട്ടറിയുടേയും ഉദ്യോഗസ്ഥൻമാരുടെയും മുമ്പിൽ വച്ച് പറഞ്ഞു. എന്നിട്ട് എഴുതി കൊടുത്തു. ഇപ്പോൾ മന്ത്രി ഇവിടെ വിശദീകരിച്ചല്ലോ; അങ്ങനെയെന്തെങ്കിലും തിരുത്തേണ്ട കാര്യമായൊരു അപാകത ജില്ലാ ടൗൺ പ്ലാനർ

ചൂണ്ടിക്കാണിച്ചിരുന്നുവെങ്കിൽ വ്യക്തമായി മന്ത്രി ആ കടലാസ് സഹിതം സഭയിൽ പറയില്ലേ; ടേബിൾ ചെയ്യില്ലേ? ഒരു മനുഷ്യജീവൻ നഷ്ടപ്പെട്ടത് സത്യത്തിൽ ആത്മഹത്യയാണോ? ഇത് കൊലപാതകമാണ്. സത്യത്തിൽ സാജനെ കൊലയ്ക്ക് കൊടുക്കുകയാണ് ചെയ്തത്. ടൗൺ പ്ലാനർ വന്ന് ഇത്രയും വ്യക്തമാക്കി പറഞ്ഞിട്ടും അനുമതി കൊടുക്കാൻ തയ്യാറായില്ല. പൊളിച്ചുമാറ്റാൻ ആവശ്യപ്പെടുകയാണ്. സാജനെ എനിക്ക് അറിയില്ല. സാജന്റെ മുഖം ഞാൻ കണ്ടിട്ടുമില്ല. ഞാൻ കഴിഞ്ഞ 9-ാം തീയതി പാർത്ഥ എന്നുപറയുന്ന കൺവൻഷൻ സെന്ററിൽ ഒരു കോൺഗ്രസ് നേതാവിന്റെ മകളുടെ കല്യാണത്തിന് പോയി അവിടത്തെ എ.സി.ഹാളിലിരുന്ന് ഭക്ഷണം കഴിച്ചു. How beautifully it is made, എത്രമനോഹരമായും കൃത്യവുമായി നിർമ്മിച്ചൊരു കെട്ടിടമാണെന്ന് പ്രഥമ ദൃഷ്ടിയാൽ ആർക്കും കണ്ടാൽ മനസ്സിലാകുന്നൊരു കൺവെൻഷൻ സെന്ററാണത്. നാഷണൽ ഹൈവേയിൽ നിന്ന് വളരെ ദൂരത്തിലാണ്. ശ്രീ. കെ. സി. ജോസഫും ശ്രീ. ജെയിംസ് മാത്യുവുമൊക്കെ അവിടെ എല്ലാ ആഴ്ചയിലും യാത്രചെയ്യുന്നവരല്ലേ? എന്തെങ്കിലുമൊരു വയലേഷനുണ്ടോ? എന്നിട്ടും അതിന്റെ പ്രധാന കവാടം പൊളിച്ചുമാറ്റി. പരാതിക്കാർക്ക് പരിഭവം വരാതിരിക്കാൻ വേണ്ടി പൊളിച്ചു

മാറ്റി. അതിനുശേഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ, പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സർട്ടിഫിക്കറ്റ് വാങ്ങി കൊടുത്തു. ഫയർ ആന്റ് സേഫ്റ്റി സർട്ടിഫിക്കറ്റ് വാങ്ങി കൊടുത്തു. എന്നിട്ടും കിട്ടുന്നില്ല. പിന്നീട് ചെയർപേഴ്സണെ കണ്ടു, ചെയർപേഴ്സൺ ആരാണ്; ഗോവിന്ദൻ മാഷിന്റെ സഹധർമ്മിണിയായ ശ്രീമതി പി. കെ. ശ്യാമള ടീച്ചർ. ഞങ്ങളുടെയെല്ലാം വലിയ സുഹൃത്താണ്. നേരത്തെ തളിപ്പറമ്പ് നഗരസഭാ ചെയർപേഴ്സണായിരുന്നു. പരിചയസമ്പന്നയായ നേതാവാണ്. അവർ പറഞ്ഞത്, നിങ്ങൾക്ക് ഉയർന്ന സ്ഥലങ്ങളിലാണല്ലോ പിടിപാട്; എനിക്ക് ഒന്നും ചെയ്യാനില്ല എന്നാണ്. എന്താണ് ശ്രീ. പി. ജയരാജിനെ കാണാൻ പോയതാണോ? സാധാരണഗതിയിൽ ഉദ്യോഗസ്ഥരാണ് തടസ്സങ്ങളുണ്ടാക്കുന്നതെങ്കിൽ ഇവിടെ സി.പി.ഐ.(എം.) നിയന്ത്രിക്കുന്ന ഭരണനേതൃത്വമാണ് ഇങ്ങനെയുള്ള വലിയ പ്രതിസന്ധി സൃഷ്ടിച്ച് ഇത്ര വലിയ സംഖ്യ മുടക്കിയ സംരംഭത്തിന് തടസ്സം നിൽക്കുന്നത്. ഇവിടെ മന്ത്രി ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിനെപ്പറ്റി പറഞ്ഞു. സർക്കാർ പാസ്സാക്കിയ നിയമമല്ലേ; അതുപോലെ പ്രവാസി ലോക മലയാളി സമ്മേളനം, പ്രവാസികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനുവേണ്ടി മന്ത്രിമാരൊക്കെ വിദേശത്തേയ്ക്ക്

യാത്ര ചെയ്തു. കോടിക്കണക്കിന് രൂപ മുടക്കി നമ്മുടെ നിയമസഭയിൽതന്നെ എം.എൽ.എ.-മാർക്കില്ലാത്തതിനേക്കാൾ പ്രാധാന്യമെന്നുപറഞ്ഞ് പ്രവാസികൾക്ക് സമ്മേളനത്തിന് അവസരം നൽകിയിട്ട് അവരേതെങ്കിലും വ്യവസായ സംരംഭവുമായി വന്നുകഴിഞ്ഞാൽ അവരെ ജീവിക്കാൻ അനുവദിക്കാത്തത് ക്രൂരതയാണ്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് എന്ന വ്യവസ്ഥയ്ക്കുപകരം ഇവിടെ ഒരു വ്യവസായ സംരംഭം ആരംഭിച്ചാൽ എങ്ങനെ ജീവൻ അവസാനിപ്പിക്കാമെന്ന വഴിയാണ് ഈ സർക്കാരും അതിന്റെ താഴെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ആളുകളും കാണിച്ചുകൊടുത്തുകൊണ്ടിരിക്കുന്നത്. കൊച്ചിയിലെ റിസോർട്ട് സമുച്ചയം പൊളിച്ചുമാറ്റാൻ സുപ്രീംകോടതി പറഞ്ഞിട്ടുപോലും മന്ത്രി സഭയിൽ പറഞ്ഞതും പ്രതിപക്ഷംപോലും ഒരു നിലപാട് സ്വീകരിച്ചതും അങ്ങനെ പണിതുയർത്തിയ സ്ഥാപനങ്ങൾക്ക് എന്തെങ്കിലും വയലേഷനുണ്ടെങ്കിൽ അത് റെക്റ്റിഫൈ ചെയ്യാൻ ഇവിടെ നിയമം പാസ്സാക്കിയിട്ടുണ്ട് എന്നുള്ളതുകൊണ്ടാണ്. കെട്ടിട നിർമ്മാണ ചട്ടങ്ങളിൽത്തന്നെ അങ്ങനെയുള്ള ചെറിയ തെറ്റുകളുണ്ടെങ്കിൽ തിരുത്താനുള്ള പ്രൊവിഷനുണ്ട്. എന്നാൽ ഇവിടെ ചെറിയ തെറ്റുപോലുമില്ല. അവസാനം കൊടുത്ത മെമ്മോയിൽ എന്താണ് പറഞ്ഞതെന്ന് അറിയാമോ; റാമ്പിന് 5

സെന്റീമീറ്റർ വ്യത്യാസമുണ്ട് എന്നാണ്. റാമ്പിന്റെ 5 സെന്റീമീറ്റർ വ്യത്യാസത്തിനാണ് 16 കോടി രൂപ മുടക്കിയ ഒരു സംരംഭത്തിന്റെ ഉടമയുടെ ജീവൻ നഷ്ടപ്പെടാൻ ഈ സർക്കാരും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും രാഷ്ട്രീയ നേതൃത്വവും ഇവിടെ അവസരമുണ്ടാക്കിയതെന്ന് വളരെ ഖേദത്തോടെ പറയാൻ ഇടവന്നിരിക്കുകയാണ്. 'എന്തോ കാരണത്താൽ ആത്മഹത്യ ചെയ്തിരിക്കുന്നുവെന്ന് സാജന്റെ അനുജൻ പറഞ്ഞിരിക്കുന്നതായി മന്ത്രി ഇവിടെ പറഞ്ഞു. ഇന്നത്തെ പത്ര-ദൃശ്യ മാധ്യമങ്ങളിലെല്ലാം വളരെ വ്യക്തമല്ലേ; ഞാൻ ഇന്ന് മാനേജരുമായി സംസാരിച്ചു. മാനേജർ എന്റെ നാട്ടുകാരനാണ്. കഴിഞ്ഞ 15 ദിവസമായി സാജൻ വളരെ നിരാശയിലായിരുന്നു. കയറിയിറങ്ങി മുട്ടാത്ത വാതിലുകളില്ല. ഈ മുനിസിപ്പൽ സെക്രട്ടറിയേയും ചെയർപേഴ്സണേയും ഉദ്യോഗസ്ഥരെയും കണ്ടു. അദ്ദേഹം അങ്ങേയറ്റം നിരാശനായിരുന്നു. മറ്റെന്തെങ്കിലും മാർഗ്ഗത്തിലൂടെയോ കോടതിയിൽനിന്നോ എങ്ങനെയെങ്കിലും അനുവാദം വാങ്ങാമെന്ന് മാനേജർ അദ്ദേഹത്തോട് പറഞ്ഞിരുന്നു. കോടതിയിൽ പോയാൽ എത്രയെങ്കിലും വർഷങ്ങൾ കഴിയണം, ഇത്രയും തുക മുടക്കിയതല്ലേ, ഇനി ജീവിച്ചിട്ട് കാര്യമില്ലെന്ന കടുത്ത നിരാശയിലായിരുന്നു അദ്ദേഹം. ഇത്രയും കഠിനാദ്ധ്വാനം ചെയ്ത് ഇങ്ങനെ ജീവിതം കരുപ്പിടിപ്പിക്കാൻ

ശ്രമിച്ച ഒരു വിദേശ മലയാളി, ഒരു യുവ വ്യവസായി സ്വന്തം വീടിനുമുകളിൽ...., അദ്ദേഹത്തിന്റെ ഭാര്യ വിനയയും രണ്ട് മക്കൾ, മകന്റെ പേരായ പാർത്ഥ എന്നുതന്നെയാണ് ഈ സ്ഥാപനത്തിന് നൽകിയിട്ടുള്ളത്. ആ സ്ഥാപനത്തിന് അനുമതി ലഭിക്കാത്ത വലിയ ജീവിത നൈരാശ്യത്തിലാണ് ആത്മഹത്യ ചെയ്തത്. ആത്മഹത്യാക്കുറിപ്പുപോലും ഇല്ലെന്ന് മന്ത്രി പറയുമ്പോൾ ഉണ്ടായിരുന്നുവെന്ന് നാട്ടുകാർ പറയുന്നു. ആത്മഹത്യാക്കുറിപ്പിന് എന്തു സംഭവിച്ചു? ഇത് സത്യത്തിൽ ആത്മഹത്യയായി ഒതുക്കേണ്ട ഒരു വിഷയമല്ല. ഇതൊരു കൊലപാതകമാണ്, മനഃപൂർവ്വമായ നരഹത്യയും പീഡനവുമാണ്. ഉത്തരവാദികൾ ആരാണെങ്കിലും എത്ര ഉയർന്നവരാണെങ്കിലും അവർക്കെതിരെ നടപടി സ്വീകരിക്കണം. ഇത് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട അടിയന്തര പ്രാധാന്യമുള്ള വിഷയമാണ്.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ഇവിടെ ഞാൻ ആമുഖമായിത്തന്നെ പറഞ്ഞു, ഏത് സംഭവത്തിന്റെ പേരിലായാലും ഒരാളുടെ ജീവൻ നഷ്ടപ്പെടുന്നത് ദൗർഭാഗ്യകരമാണ്. ഏതെങ്കിലും രാഷ്ട്രീയ വിവേചനത്തിന്റെ ഭാഗമായി അദ്ദേഹത്തോട് ആന്തൂർ നഗരസഭ എന്തെങ്കിലുംതരത്തിലുള്ള വിവേചനം കാണിച്ചിട്ടില്ല. ഇതേ കെട്ടിട

പെർമിറ്റിന്റെ ആളുകൾക്കുതന്നെ ഈ കമ്പനിയുടെ ഭാഗമായി 10 വില്ലകൾ അവിടെ നിർമ്മിച്ചിട്ടുണ്ട്. അതിന് അനുമതിയും ഒക്യുപൻസിയും നൽകുകയും ചെയ്തിട്ടുണ്ട്. രാഷ്ട്രീയ വിവേചനത്തിന്റെ ഭാഗമായിട്ടോ അദ്ദേഹത്തോട് വൈരാഗ്യം തോന്നിയതിന്റെ ഭാഗമായോ അതിൽ കാലതാമസം വരുത്തുന്ന നിലപാട് അവിടത്തെ ഭരണനേതൃത്വം സ്വീകരിച്ചിരുന്നുവെങ്കിൽ, അങ്ങനെ ചെയ്യില്ലല്ലോ; ആഡിറ്റോറിയം നിർമ്മാണത്തിനുള്ള അപേക്ഷകനോടും ഈ വിവേചനം കാണിച്ചിട്ടില്ല. അദ്ദേഹത്തിന്റെ അപേക്ഷയുടെ ഭാഗമായി അനധികൃത നിർമ്മാണവും ചില ചട്ടലംഘനവും ഉണ്ടെന്ന പരാതിയുടെ അടിസ്ഥാനത്തിൽ മുനിസിപ്പാലിറ്റി നോട്ടീസ് നൽകിയപ്പോൾ അത് പരിശോധിക്കാൻ അദ്ദേഹത്തിന്റെകൂടി അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലാണ് ജില്ലാ ടൗൺ പ്ലാനറും മുനിസിപ്പൽ ഉദ്യോഗസ്ഥരും അദ്ദേഹവുംകൂടി സംയുക്ത പരിശോധന നടത്തിയത്. ഞാനത് നേരത്തെ പറഞ്ഞതാണ്. അതിൽ അവസാനമായി അവർ പറഞ്ഞിട്ടുള്ളത് പാർക്കിംഗ് ഫ്ലോറിലേയ്ക്കുള്ള പ്രവേശന റാമ്പിന്റെ മുകളിലായി കോൺക്രീറ്റ് സ്ലാബ് നിർമ്മിച്ചിരിക്കുന്നത് അംഗീകൃത പ്ലാനിന് വിരുദ്ധമായിട്ടായതിനാൽ ചട്ടപ്രകാരം വരാത്ത വിധമുള്ള പ്രസ്തുത ഭാഗത്തിന്റെ മുകളിലുള്ള സ്ലാബിന്റെ

ഭാഗം അംഗീകൃത പ്ലാൻ പ്രകാരം നീക്കം ചെയ്യേണ്ടതും മുകൾ ഭാഗത്ത് പാരപ്പറ്റ് ഭിത്തികൾ കെട്ടി സംരക്ഷണ ഭിത്തി ഉറപ്പാക്കേണ്ടതും ഒക്യുപൻസി നൽകുന്നതിനുമുമ്പ് ചട്ടലംഘനം പരിഹരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ് എന്നാണ്. അദ്ദേഹം ഏപ്രിൽ മാസത്തിൽ നൽകിയ അപേക്ഷയിൽ ഈ കാര്യം പരിശോധിക്കുന്നതിനുവേണ്ടിയാണ് സെക്രട്ടറി മുനിസിപ്പൽ എഞ്ചിനീയർക്ക് ഇത് കൊടുത്തിട്ടുള്ളത്. അതിന്റെ അവസാന ഘട്ടത്തിലായിരുന്നു. അതുകൊണ്ട് രാഷ്ട്രീയത്തിന്റെ ഭാഗമായി എന്തെങ്കിലും തരത്തിലുള്ള വിവേചനം കാണിച്ചിട്ടില്ല. അവിടൊരു പ്രത്യേക പാർട്ടിക്ക് ഭൂരിപക്ഷമുള്ളതുകൊണ്ട് ഇത്തരം കാര്യങ്ങളിലൊരു വിവേചനം കാണിച്ചിട്ടുണ്ടെന്ന് മുൻകാല ആക്ഷേപമുണ്ടായിട്ടില്ല. ഇത്തരം കാര്യങ്ങളിൽ ഒരു തെറ്റായ സംഭവം നടന്നിട്ടുണ്ടെങ്കിൽ ഞാനത് അഡ്മിറ്റ് ചെയ്യുന്ന ഒരു കാര്യമാണ്. ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് എന്തെങ്കിലും വീഴ്ച, എല്ലാ ഉദ്യോഗസ്ഥരും നീതിപൂർവ്വം കാര്യങ്ങൾ ചെയ്യുന്നവരാണെന്ന അഭിപ്രായം എനിക്കുമില്ല, നിങ്ങൾക്കും ഉണ്ടാകാനിടയില്ല. ഏതെങ്കിലും തെറ്റായ നിലപാടുകൾ ഉണ്ടായിട്ടുണ്ടെങ്കിൽ അത് കണ്ടെത്തുന്നതിനുവേണ്ടിയാണ് ചീഫ് ടൗൺ പ്ലാനറുടെ നേതൃത്വത്തിൽ ഉയർന്ന ഉദ്യോഗസ്ഥരെ

അന്വേഷണത്തിനുവേണ്ടി നിയോഗിച്ചിട്ടുള്ളത്. അതിന്റെ ഭാഗമായി അനാവശ്യമായി കാലതാമസം വരുത്തുന്നതിന് എന്തെങ്കിലും ഇടപെടൽ ആരുടെയെങ്കിലും ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ടെന്ന് അറിഞ്ഞാൽ കർശനമായ നടപടി സ്വീകരിക്കണമെന്നുതന്നെയാണ് സർക്കാരിന്റെ നിലപാട്. ഏതെങ്കിലും ഒരു വ്യവസായിക്കെന്നല്ല, രാജ്യത്ത് ഒരാൾക്കും ഉണ്ടാകാൻ പാടില്ലാത്തതാണ് ഈ സംഭവം. അതുകൊണ്ട് ഈ കാര്യത്തിൽ മുനിസിപ്പൽ ഭരണസമിതി ഏതെങ്കിലും വിവേചനം കാണിച്ചുവെന്ന് ചൂണ്ടിക്കാണിക്കാനാവില്ല. ഈ കാര്യത്തിൽ അന്വേഷണ റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് ആവശ്യമായ തുടർനടപടി സ്വീകരിക്കുന്നതാണ്. ഞാൻ നേരത്തെ പോലീസ് റിപ്പോർട്ടിൽ അദ്ദേഹത്തിന്റെ സഹോദരൻ ശ്രീജിത്ത് പോലീസിന് കൊടുത്ത മൊഴി എഫ്.ഐ.ആർ.-ൽ ഉള്ളതിന്റെ ഭാഗമായാണ് പറഞ്ഞത്. പോലീസും അസ്വാഭാവിക മരണത്തിന് കേസ്സെടുത്ത് അന്വേഷിക്കുന്നുണ്ട്. എന്തെങ്കിലും വിഷയം വരുന്നുണ്ടെങ്കിൽ അതിന്റെകൂടി ഭാഗമായി നമുക്ക് പരിശോധിക്കാം. അന്വേഷണം പൂർത്തിയായതിനുശേഷം ഗൗരവപ്പെട്ട ഇടപെടൽതന്നെ സർക്കാരിന്റെ ഭാഗത്തുനിന്നും നടത്താനാണ് തീരുമാനിച്ചിട്ടുള്ളത്. അതുകൊണ്ട് ഇത് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട

ഒരു അടിയന്തര കാര്യമല്ല എന്നാണ് എന്റെ അഭിപ്രായം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇത് അങ്ങേയറ്റം നിർഭാഗ്യകരമായ ഒരു കാര്യമാണ്. ബഹുമാന്യനായ മന്ത്രി അതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ പറഞ്ഞിട്ടുണ്ട്. ഇതിലൊരാളുടെ ജീവൻ നഷ്ടപ്പെടാൻ ഇടയായി എന്നുപറയുമ്പോൾ അത് ഗൗരവമായി പരിശോധിക്കുകതന്നെ ചെയ്യും. ഇവർ ഉന്നയിക്കുന്ന ആരോപണമാണ് കാരണമെങ്കിൽ അതിന് ഉത്തരവാദികളായവരുടെ പേരിൽ കർശനമായ നടപടികളെടുക്കുമെന്നതും വ്യക്തമാക്കികഴിഞ്ഞിട്ടുണ്ട്. നമ്മുടെ ചില മേഖലകളിൽ ഇത്തരത്തിലുള്ള, മേൽപ്പറഞ്ഞ വിഷയത്തിന്റെ വസ്തുത എന്താണെന്ന് എനിക്ക് അറിയില്ല. പക്ഷെ ചില കാര്യങ്ങൾ ചിലപ്പോൾ സംഭവിക്കുന്നുണ്ട്. നമ്മളെല്ലാവരും പൊതുപ്രവർത്തകരാണ്. എന്റെ പൊതുപ്രവർത്തനത്തിനിടയിലുണ്ടായ ഒരു അനുഭവം ഞാൻ പറയാം. ഇപ്പോഴല്ല, കുറച്ചുവർഷം മുമ്പാണ്, ഒരാൾ ഒരു വീടെടുത്തു. ആ വീട് എടുക്കുമ്പോൾ അവിടെ റോഡില്ല. വീട് എടുത്തുകഴിഞ്ഞപ്പോൾ അതിന്റെ സൈഡിലൂടെ ഒരു റോഡ് വന്നു. റോഡിൽനിന്ന് ഇത്ര അടി അകലം ഉണ്ടെങ്കിലേ പെർമിഷൻ നൽകുകയുള്ളൂ എന്നുണ്ടല്ലോ, ഒരു പഞ്ചായത്താണ്.

ആ എക്സിക്യൂട്ടീവ് ഓഫീസർ പെർമിഷൻ നൽകില്ല. അവസാനം അയാൾ പലരുടെ അടുത്തും പോയി, എന്നെ അറിയുന്ന ആളായതുകൊണ്ട് എന്റെ അടുത്തുംവന്നു. കേട്ടപ്പോൾ ന്യായമാണെന്ന് തോന്നിയതുകൊണ്ട് അവിടത്തെ പഞ്ചായത്ത് പ്രസിഡന്റിനോട് അത് പരിഹരിക്കണമെന്ന് പറഞ്ഞു. പഞ്ചായത്ത് പ്രസിഡന്റ് പിന്നെ എന്നെ കണ്ടാൽ എന്റെ മുമ്പിൽ നിൽക്കുകയില്ല. സാധാരണ ഞാൻ ചെന്നാൽ എന്റെ അടുത്തുവരുന്ന ഒരാളായിരുന്നു. പിന്നെ എന്റെ മുമ്പിൽ വരില്ല. കാരണം ഈ പഞ്ചായത്ത് പ്രസിഡന്റ് പറഞ്ഞിട്ടും സെക്രട്ടറി ചെയ്യാൻ തയ്യാറല്ല. അവിടെയുള്ള ഒരനുഭവമാണ്. അവസാനം അദ്ദേഹം ഗവൺമെന്റിൽ വന്ന് പെർമിഷൻ വാങ്ങി പോകുന്ന അവസ്ഥയുണ്ടായി. ഇങ്ങനെ നെഗറ്റീവ് അപ്രോച്ചുള്ള ചില ഉദ്യോഗസ്ഥർ എല്ലാ കാലത്തും ഉണ്ടായിട്ടുണ്ട്. ഈ പറയുന്നതിൽ എത്രത്തോളം വസ്തുതയുണ്ട്, എന്താണെന്നുള്ളത് ഗൗരവമായ പരിശോധനയിലൂടെ മാത്രമേ വ്യക്തമാകുകയുള്ളൂ. അത് പരിശോധിക്കാമെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. ഇതിനകത്ത് ഒരു തരത്തിലുള്ള സംരക്ഷിക്കപ്പെടലും ഉണ്ടാകില്ല. തെറ്റുണ്ടെങ്കിൽ ഉറച്ച നടപടി ഉണ്ടാകുകതന്നെ ചെയ്യും.

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട മന്ത്രിയുടെയും മുഖ്യമന്ത്രിയുടെയും

വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, പ്രവാസികളുടെ നൊമ്പരങ്ങളും വേദനകളും ത്യാഗങ്ങളുമെല്ലാം അക്ഷരത്തിൽ ചാലിച്ച ബെന്യാമിന്റെ ആടുജീവിതമാണ് എന്റെ ഓർമ്മയിൽ കടന്നുവരുന്നത്. ശരീരവും മനസ്സും പൊള്ളി നമുക്കുവേണ്ടി പണിയെടുക്കുന്ന ഓരോ പ്രവാസിയുടെയും കഥകൂടിയാണത്. അതിലെ ഒരു വാചകം ഇന്നും എന്റെ മനസ്സിൽ തങ്ങിനിൽക്കുന്നു. 'നാം അനുഭവിക്കാത്ത ജീവിതങ്ങളെല്ലാം നമുക്ക് വെറും കെട്ടുകഥകൾ മാത്രമാണ്.' പ്രവാസികൾ അനുഭവിക്കുന്ന കഷ്ടപ്പാടിന്റെ ഒരംശമെങ്കിലും മനസ്സിലാക്കിയിരുന്നെങ്കിൽ ഒരു പ്രവാസിപോലും ഇവിടെ ആത്മഹത്യ ചെയ്യേണ്ട സാഹചര്യം ഉണ്ടാകുമായിരുന്നില്ല. നമ്മുടെ രാജ്യത്തിന് ലഭിക്കുന്ന വിദേശ നാണ്യത്തിന്റെ 25 മുതൽ 30 ശതമാനംവരെ ലഭിക്കുന്നത് കേരളത്തിലാണ്. നമ്മുടെ നാടിന്റെ നട്ടെല്ലെന്ന് പറയുന്നത് പ്രവാസികളാണ്. ഇവിടെ നടന്നത് നിസ്സാരമായി കാണാൻ കഴിയുന്നൊരു കാര്യമല്ല. ഇന്ന് മിഡിൽ ഈസ്റ്റിൽ നടക്കുന്ന, പലതരത്തിൽ ജോലി നഷ്ടപ്പെടുന്നതിന്റെയെല്ലാം

ഭാഗമായി നമ്മുടെ ആളുകൾ ആഫ്രിക്കൻ (കറുത്ത) ഭൂഖണ്ഡത്തിലേയ്ക്ക് ചേക്കേറുന്ന സ്ഥിതിയാണുള്ളത്. നൈജീരിയയിൽ ജോലി ചെയ്തിരുന്ന ഒരു വ്യക്തിയാണ് തന്റെ മുഴുവൻ സമ്പാദ്യവും ഉപയോഗിച്ച് ആന്തൂർ മുനിസിപ്പാലിറ്റിയിൽ ഒരു ഓഡിറ്റോറിയവും കൺവെൻഷൻ സെന്ററും നിർമ്മിക്കാനുള്ള നടപടി സ്വീകരിച്ചത്. ആ ഓഡിറ്റോറിയവും കൺവെൻഷൻ സെന്ററും അദ്ദേഹം 16 കോടി രൂപ മുടക്കിയാണ് നിർമ്മിച്ചത്. അവിടെ നിർമ്മിച്ച കെട്ടിടത്തിന് അന്തിമമായ അംഗീകാരം ലഭിക്കാത്തതിന്റെ പേരിൽ ജീവനൊടുക്കേണ്ടിവന്ന ഒരു ഹതഭാഗ്യന്റെ ചിത്രമാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. സണ്ണി ജോസഫ് ഇവിടെ വരച്ചുകാട്ടിയത്. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ഇവിടെ ആ എഫ്.ഐ.ആർ.-ലെ കാര്യം പറഞ്ഞപ്പോൾ എനിക്ക് വലിയ വിഷമം തോന്നി. മാനസിക ആഘാതമുള്ള അല്ലെങ്കിൽ ഒരു മാനസിക രോഗിയാണ് ആയാളെന്ന് സ്ഥാപിക്കാനാണ് ബഹുമാനപ്പെട്ട മന്ത്രി ശ്രമിച്ചതെന്നത് തികച്ചും ദൗർഭാഗ്യകരമായൊരു കാര്യമാണ്. മാനസിക രോഗിയായ ഒരു വ്യക്തി ഏതായാലും നൈജീരിയയിൽ പോയി 16 കോടി രൂപയുടെ സമ്പത്തുണ്ടാക്കി നാട്ടിൽ വന്ന് ഒരു കൺവെൻഷൻ സെന്റർ തുടങ്ങില്ലെന്നുള്ള സാമാന്യമായ വിചാരമെങ്കിലും

അദ്ദേഹത്തിനുണ്ടാകണമായിരുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ഞാനൊരിക്കലും അങ്ങ് പറഞ്ഞ ഈ വാക്ക് ഉപയോഗിച്ചിട്ടില്ല. എഫ്.ഐ.ആർ. റിപ്പോർട്ടിന്റെ ഭാഗമായി എന്തോ മാനസിക വിഷമംമൂലമാണ് അദ്ദേഹം മരിച്ചതെന്ന് അദ്ദേഹത്തിന്റെ സഹോദരൻ കൊടുത്ത റിപ്പോർട്ടാണ് ഞാനിവിടെ വായിച്ചത്. അതിനുപകരം അങ്ങ് തെറ്റായി വ്യാഖ്യാനിച്ച് മാനസികരോഗിയാണെന്ന് മന്ത്രി പറഞ്ഞുവെന്ന് പറയുന്നത് ശരിയല്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, ആ എഫ്.ഐ.ആർ.-ൽ പറഞ്ഞ മറ്റ് കാര്യങ്ങളൊന്നും അങ്ങ് പറഞ്ഞില്ലല്ലോ; എഫ്.ഐ.ആർ.-ന്റെ കോപ്പി ഞങ്ങളുടെ കയ്യിലുമുണ്ട്. അങ്ങ് ഇതുമാത്രം എടുത്ത് സൂചിപ്പിക്കാനുള്ള കാരണം എന്താണെന്ന് അരിയാഹാരം കഴിക്കുന്ന എല്ലാവർക്കും മനസ്സിലാകും. ഈ സംഭവമുണ്ടായശേഷം ഇന്നലെ രാത്രിയിൽ ശ്രീ. സണ്ണി ജോസഫ് അദ്ദേഹത്തിന്റെ മാനേജരെ വിളിച്ചപ്പോൾ മാനേജർ പറഞ്ഞത്, പത്തുപതിനഞ്ച് ദിവസമായി അന്തിമ അംഗീകാരത്തിനുവേണ്ടി ശ്രമിച്ചിട്ടും കിട്ടാത്തതിലുള്ള നൈരാശ്യമുണ്ടായിരുന്നു, കോടതിയിൽ പോകാമെന്ന് പറഞ്ഞപ്പോൾ കോടതിയിൽ പോയാൽ എത്രനാളെടുക്കും, എന്ത് പണം

ചെലവാകും എന്നാണ് അദ്ദേഹം ചോദിച്ചതെന്നാണ്. ഇത്രയും മനോഹരമായൊരു കൺവെൻഷൻ സെന്റർ നിർമ്മിച്ചിട്ട് അടിക്കടിയുണ്ടാകുന്ന പ്രയാസങ്ങൾ, pillar to post, അദ്ദേഹത്തിന് യാത്ര ചെയ്യേണ്ടിവരുന്നു, ആളുകളെ കാണേണ്ടിവരുന്നു, ശിപാർശ ചെയ്യിക്കേണ്ടിവരുന്നു, പാർട്ടി ജില്ലാ സെക്രട്ടറിയെ കാണേണ്ടിവരുന്നു, അവിടെനിന്നും നിർദ്ദേശം വരുന്നു, എന്നിട്ടും ശരിയാകുന്നില്ല. ഒരു പ്രവാസിക്ക് എന്ത് ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സാണ് നിങ്ങൾ ഈ സംസ്ഥാനത്ത് നടപ്പാക്കുന്നത്; അങ്ങുകൂടി പറഞ്ഞിട്ട് ഏകകണ്ഠമായി പാസ്സാക്കിയ നിയമമല്ലേയിത്; ഇത് ആദ്യത്തെ സംഭവമാണോ? പുനലൂരിൽ സുഗതനെന്ന ഒരു പാവപ്പെട്ട പ്രവാസി മൂന്ന് കയർ കെട്ടിത്തൂക്കി ഒരു കയറിൽ ആത്മഹത്യ ചെയ്തു. മറ്റേ രണ്ട് കയറും മക്കൾക്കുവേണ്ടിയുള്ളതായിരുന്നു. നമ്മുടെ സംസ്ഥാനം ഭരിക്കുന്ന പാർട്ടിയുടെ രണ്ടാമത്തെ പാർട്ടി സി.പി.ഐ.യുടെ യുവജനവിഭാഗത്തിന്റെ കൈകൾകൊണ്ട് മരണപ്പെടേണ്ടിവന്ന, അവരുടെ നടപടികൾകൊണ്ട് മരണപ്പെടേണ്ടിവന്ന ഒരു ഹതഭാഗ്യന്റെ കാര്യമാണത്.......(ബഹളം)..... അന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതും .......

<u>ശ്രീ. കെ. രാജൻ</u>: സർ, പോയിന്റ് ഓഫ് ഓർഡർ.

<u>മി.സ്പീക്കർ</u> : ശ്രീ. കെ. രാജൻ, പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കൂ.

<u>ശ്രീ. കെ. രാജൻ</u>: സർ, സി.പി.ഐ.യുടെ യുവജന വിഭാഗത്തിന്റെ നേതൃത്വത്തിൽ കെട്ടിത്തൂക്കിയതാണ് അല്ലെങ്കിൽ കൊലപ്പെടുത്തിയതാണെന്ന തരത്തിലുള്ള വർത്തമാനം രേഖയിൽനിന്നും മാറ്റം ചെയ്യണം.

<u>മി.സ്പീക്കർ</u>: പരിശോധിച്ച് വേണ്ടത് ചെയ്യാം.+

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഞാൻ അങ്ങനെയല്ല പറഞ്ഞത്. എ.ഐ.വൈ.എഫ്. പ്രവർത്തകർ കൊടികുത്തി തന്റെ നിർമ്മാണ പ്രവർത്തനം തടഞ്ഞതിന്റെ ഫലമായി മനംനൊന്ത് ആത്മഹത്യ ചെയ്തതാണ്. ഇത് പത്ര വാർത്തയാണ്. ......(ബഹളം)..... പത്രവാർത്തയുടെ കാര്യമാണ് ഞാൻ പറഞ്ഞത്. അതിവിടെ സഭയിൽ ഉന്നയിച്ചപ്പോഴും ബഹുമാനപ്പെട്ട മുഖ്യമന്ത്രി .....(ബഹളം).....

<u>മി. സ്പീക്കർ</u>: പരിശോധിക്കും. വസ്തുതാപരമല്ലാത്തതൊന്നും രേഖയിലുണ്ടാകില്ല.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്ന് പറഞ്ഞ വാചകം അന്നും പറഞ്ഞതാണ്. 'അത് നിർഭാഗ്യകരമായ സംഭവമാണ്,

---

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നം. 3385/ഇ.ബി./2019/നി.സെ., 19-06-2019) രേഖയിൽ നിലനിർത്തി.

ഇങ്ങനെയൊരു സംഭവം ഇനി കേരളത്തിൽ ആവർത്തിക്കാൻ പാടില്ല' എന്നാണ് അദ്ദേഹം പറഞ്ഞതിന്റെ രത്നചുരുക്കം. അന്ന് ഞാൻ നിയമസഭയിൽ പറഞ്ഞതും ഇതുപോലൊരു സംഭവം ഇനി ഒരിക്കലും ഉണ്ടാകരുതെന്നാണ്. അതുകഴിഞ്ഞ് ഒരു വർഷവും നാലുമാസവും കഴിഞ്ഞപ്പോൾ മറ്റൊരു പ്രവാസി വ്യവസായികൂടി ആത്മഹത്യ ചെയ്യേണ്ട സ്ഥിതി ഇവിടെയുണ്ടായിരിക്കുന്നു. സർക്കാരിന് എന്തെങ്കിലും ആത്മാർത്ഥതയുണ്ടോ? അന്യനാട്ടിൽനിന്നും മടങ്ങിയെത്തി ഇവിടെ വ്യവസായങ്ങൾ ആരംഭിക്കാൻ ശ്രമിക്കുന്ന പ്രവാസികൾക്ക് ഈ സർക്കാരിന്റെ ഭാഗത്തുനിന്നും ആത്മഹത്യയല്ലാതെ മറ്റൊരു മാർഗ്ഗമില്ലാതായി വന്നിരിക്കുന്നു എന്നത് ദുഃഖകരമായ വസ്തുതയാണ്. വിദേശത്ത് പോയി അദ്ധ്വാനിച്ച് പണമുണ്ടാക്കി നാട്ടിൽ ആ പണം മുടക്കിയാൽ പരദേശത്ത് പറഞ്ഞുവിടുന്നൊരു ഗവൺമെന്റായി ഇത് മാറുന്നത് അപമാനകരമായൊരു കാര്യമല്ലേ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്നൊരു കാര്യം പറഞ്ഞത് ഞാനിവിടെ ക്വാട്ട് ചെയ്യാം. "പ്രവാസികൾക്ക് ഇവിടെവന്ന് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എല്ലാ സഹായവും നൽകും. ഏതെങ്കിലും തരത്തിലുള്ള തടസ്സം ഉയർന്നാൽ ആ തടസ്സം നീക്കുന്നതിന് ഗൗരവപരമായ ഇടപെടൽ ഉണ്ടാകും. ഒരു വ്യവസായ സംരംഭകനും

ഇക്കാര്യത്തിൽ ആശങ്കപ്പെടേണ്ടതില്ല." നല്ല വാചകങ്ങളാണ്. പാർട്ടിയുടെ ജില്ലാ സെക്രട്ടറി ശ്രീ. പി. ജയരാജൻ ഇടപെട്ടിട്ടുപോലും ഇതിനൊരു നടപടിയുണ്ടാകാതെ പോയത് എന്തുകൊണ്ടാണ്; നിങ്ങൾ പാർട്ടി നേതൃത്വത്തിൽ അന്വേഷണം നടത്തുമോ? ആന്തൂർ മുൻസിപ്പാലിറ്റിയിൽ നിങ്ങളാണ് ഭരിക്കുന്നത്. അവിടെ ഞങ്ങൾക്ക് നോമിനേഷൻപോലും കൊടുക്കാത്ത സ്ഥലമാണ്. ആന്തൂർ ദാസൻ എങ്ങനെ കൊല്ലപ്പെട്ടുവെന്നത് മുഖ്യമന്ത്രിക്ക് അറിയാമല്ലോ. ആ നാട്ടിൽ ഞങ്ങൾക്ക് സ്വതന്ത്രമായി രാഷ്ട്രീയ പ്രവർത്തനം നടത്താൻ കഴിയാത്ത സ്ഥലമാണ്. ആന്തൂർ ദാസന്റെ അനുസ്മരണ ചടങ്ങിൽ കെ.പി.സി.സി. പ്രസിഡന്റായിരുന്നപ്പോൾ ഞാൻ പങ്കെടുത്തിരുന്നു. അങ്ങനെയൊരു സ്ഥലത്ത്, പ്രതിപക്ഷംപോലും ഇല്ലാത്തൊരു മുൻസിപ്പാലിറ്റിയിൽ......, ഞാൻ ഇന്നലെ അദ്ദേഹത്തിന്റെ ബന്ധുക്കളോട് പോയി സംസാരിച്ചു. ഇക്കാര്യം പറഞ്ഞുകൊണ്ട് അദ്ദേഹം എല്ലാ ആളുകളേയും പോയികണ്ടു. അങ്ങനെയാണ് അവസാനം ശ്രീ. പി. ജയരാജനെ പോയികണ്ടത്. അദ്ദേഹം നിർദ്ദേശിച്ചതനുസരിച്ച് ജില്ലാ ടൗൺ പ്ലാനർ അന്വേഷിച്ചു. ടൗൺ പ്ലാനർ ക്ലീൻ ചിറ്റ് കൊടുത്തു. യാതൊരു അനധികൃത നിർമ്മാണവും നടന്നിട്ടില്ലെന്നുപറഞ്ഞ് വ്യക്തമായ റിപ്പോർട്ട് കൊടുത്തു. പിന്നെ

എന്തിനാണ് അംഗീകാരം കൊടുക്കാൻ താമസിപ്പിക്കുന്നത്? സാജൻ പാറയിൽ എന്ന പ്രവാസി പാർട്ടി ഗ്രാമമായ ആന്തൂരിൽ ആത്മഹത്യ ചെയ്യേണ്ടി വന്നതിന്റെ ഉത്തരവാദിത്തം ആർക്കാണ് എന്നതാണ് ഇവിടത്തെ പ്രധാനപ്പെട്ട ചോദ്യം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ ഉദ്യോഗസ്ഥർ മാത്രമാണോ; അങ്ങനെയാണെങ്കിൽ ഉദ്യോഗസ്ഥർ ഭരിച്ചാൽപോരെ; അവിടെയെന്തിനാണൊരു മുൻസിപ്പാലിറ്റി; എന്തിനാണൊരു മുൻസിപ്പിൽ ചെയർപേഴ്സൺ; അവിടെയെന്തിനാണ് ഭരണസമിതി? മുൻസിപ്പൽ ചെയർപേഴ്സൺ ആരാണെന്ന് എല്ലാവർക്കും അറിയാം. ഞാൻ അതുകൊണ്ട് ആവർത്തിക്കുന്നില്ല. അവിടെ മുൻസിപ്പാലിറ്റിക്കൊരു ഭരണമില്ലേ? മറ്റൊരു മുൻസിപ്പാലിറ്റിക്കും കൊടുക്കാത്ത ഗ്രാന്റ് കൊടുത്തു. ഞങ്ങളുടെയൊക്കെ മുൻസിപ്പാലിറ്റിക്ക് തരാതെ പുതിയ മുൻസിപ്പാലിറ്റികളിൽ ഏറ്റവും കൂടുതൽ ഗ്രാന്റ് കൊടുത്തത് ആന്തൂർ മുൻസിപ്പാലിറ്റിക്കാണ്. ആ മുൻസിപ്പാലിറ്റിയിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തനത്തിന്റെ ഫലമായി അവിടെ ഇങ്ങനെയൊരു ആത്മഹത്യ ഉണ്ടായത് നമുക്ക് ചെറുതായി കാണാൻ കഴിയുമോ? സി.പി.ഐ.(എം)ന്റെ സർവ്വാധിപത്യമുള്ളൊരു സ്ഥലത്ത് ഈ മരണത്തിനുത്തരവാദി സി.പി.ഐ.(എം) തന്നെയാണ് എന്ന ഗൗരവതരമായ കാര്യം അന്വേഷിക്കാൻ

തയ്യാറുണ്ടോ? പാർട്ടിയുടെ ജില്ലാ സെക്രട്ടറി പറഞ്ഞിട്ടുപോലും നടക്കാത്ത കാര്യമാണെങ്കിൽ അത് ഗൗരവമായി അന്വേഷിക്കണ്ടേ? പുനലൂരിൽ സുഗതന്റെ ആത്മഹത്യ നടന്ന സമയത്തും നിസ്സാരകാര്യങ്ങൾ പറഞ്ഞുകൊണ്ടാണ് ലൈസൻസ് നിഷേധിക്കപ്പെട്ടത്. നമ്മളൊരു കാര്യം മനസ്സിലാക്കണം. അന്യനാട്ടുകളിൽപ്പോയി കഷ്ടപ്പെട്ട് വരുന്ന ആളുകൾ വളരെ പ്രതീക്ഷയോടുകൂടിയാണ് ഇവിടെയൊരു സംരംഭം തുടങ്ങുന്നത്. അങ്ങനെ പ്രതീക്ഷയോടുകൂടി തുടങ്ങുന്ന സംരംഭത്തിന് അടിക്കടി തടസ്സങ്ങൾ വരുമ്പോൾ അവർക്ക് ജീവിതം അവസാനിപ്പിക്കേണ്ടിവരുന്ന മാനസികാവസ്ഥയുണ്ടായാൽ അവരെ കുറ്റപ്പെടുത്താൻ കഴിയുമോ? ഇത്തരം സംഭവങ്ങളെ ഗൗരവപൂർവ്വം കാണാൻ തയ്യാറാകണം. ഇവിടെ ഓരോ ഉദ്യോഗസ്ഥരുടെയും അടുത്തുപോയി കാലുപിടിച്ച്, രാഷ്ട്രീയ നേതൃത്വത്തിന്റെ കാലുപിടിച്ച് ഇതിനൊരു അംഗീകാരം നേടിയെടുക്കാൻ അദ്ദേഹം ശ്രമിച്ചതെന്തുകൊണ്ടാണ്? 16 കോടി രൂപയാണ് ഈ കൺവെൻഷൻ സെന്ററിനുവേണ്ടി അദ്ദേഹം മുടക്കിയത്. ഒരു ഗ്രാമത്തിലാണ് ഇത് ആരംഭിച്ചിട്ടുള്ളത്. അങ്ങനെയൊരു സംരംഭം ആരംഭിക്കാൻ വേണ്ടി മുന്നോട്ടുവന്ന ഒരു വ്യക്തിക്കുനേരെയുണ്ടായ അനുഭവത്തെ നിസ്സാരമായി കാണാൻ കഴിയുമോ? ഞങ്ങൾ അന്വേഷിച്ചപ്പോൾ

ആത്മഹത്യാക്കുറിപ്പ് ഉണ്ടായിരുന്നുവെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ആ ആത്മഹത്യാക്കുറിപ്പ് എവിടെ; അത് പോലീസ് എന്തുകൊണ്ട് കണ്ടെത്തുന്നില്ല; ഇങ്ങനെയുള്ള ധാരാളം ചോദ്യങ്ങൾ ഇവിടെ ഉയർന്നുവരികയാണ്. അതുകൊണ്ട് റീജിയണൽ ഡയറക്ടർ അന്വേഷിച്ചിട്ടൊന്നും കാര്യമില്ല. ഈ കാര്യത്തിൽ ശക്തമായ, സമഗ്രമായ പോലീസ് അന്വേഷണം വേണം. കാര്യങ്ങൾ മൂടിവയ്ക്കാനും ആത്മഹത്യാക്കുറിപ്പ് എടുത്തുമാറ്റിയതടക്കമുള്ള സംഭവങ്ങളും നടന്നുവെന്നാണ് എനിക്കവിടെനിന്നും മനസ്സിലാക്കാൻ കഴിഞ്ഞത്. നമ്മൾ ഇവിടെ കേരള സഭ കൂടി. ഇവിടെയും കൂടി, വിദേശത്തും കൂടി. കേരള സഭയിൽക്കൂടി നമ്മൾ നൽകുന്ന സന്ദേശമെന്താണ്? വ്യവസായങ്ങളോ ഏതെങ്കിലും സംരംഭങ്ങളോ തുടങ്ങാൻ നമ്മുടെ നാട്ടിലേയ്ക്ക് ആരെങ്കിലും വരുമ്പോൾ അവർക്ക് പ്രോത്സാഹനം കൊടുക്കാതെ അവരെയിങ്ങനെ കഷ്ടപ്പെടുത്തുകയാണെങ്കിൽ ആരാണ് ഇങ്ങോട്ട് വരുന്നത്; എന്ത് മെസ്സേജാണ് അവർക്ക് നമ്മൾ നൽകുന്നത്; പ്രവാസികളായിട്ടുള്ള ആളുകൾക്ക് നമ്മുടെ സംസ്ഥാനത്ത് ഏത് സംരംഭവും തുടങ്ങാൻ നമ്മൾ പൂർണ്ണ സഹായം നൽകുമെന്ന് പറഞ്ഞിട്ട് ഇങ്ങനെയുള്ള അനുഭവങ്ങളാണുണ്ടാകുന്നതെങ്കിൽ നാളെ ആരെങ്കിലും ഇങ്ങോട്ടുവരുമോ?

സർക്കാർ ഇക്കാര്യത്തിൽ ഗൗരവമായ സമീപനം സ്വീകരിക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എ. സി. മൊയ്തീൻ നല്ലൊരാളാണ്. പക്ഷെ ഇന്ന് അദ്ദേഹത്തിന്റെ സംസാരം കേട്ടാൽ തോന്നും അദ്ദേഹമല്ല സംസാരിച്ചത്, മുൻസിപ്പൽ സെക്രട്ടറിയുടെ ഭാഷയിലാണ് അദ്ദേഹം സംസാരിച്ചതെന്ന്. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ ഭാഗത്തുനിന്നുള്ളൊരു മറുപടിയായിരുന്നില്ല ഞങ്ങൾ പ്രതീക്ഷിച്ചത്. അദ്ദേഹം പൊതുപ്രവർത്തനരംഗത്ത് പരിചയ സമ്പന്നനായൊരു വ്യക്തിയാണ്. അദ്ദേഹം സംസാരിക്കേണ്ടത് ഈ രീതിയിലായിരുന്നില്ല. നമ്മുടെ സംസ്ഥാനത്ത് പ്രവാസികൾക്ക് കൊടുക്കുന്ന സന്ദേശം തെറ്റായ സന്ദേശമാകാൻ പാടില്ല. അതുകൊണ്ടുതന്നെ ഈ സംഭവത്തിൽ ഗൗരവതരമായൊരന്വേഷണം നടത്തണം. മുഖ്യമന്ത്രി ഈ കാര്യത്തിൽ സമഗ്രമായ ഒരന്വേഷണത്തിന് തയ്യാറാകാതെ ലോക്കൽ അഡ്മിനിസ്ട്രേഷന്റെ ഏതെങ്കിലുമൊരു സെക്രട്ടറി അന്വേഷിച്ച് കണ്ടെത്തുമെന്ന് പറയുന്നത് ശരിയല്ല. ഈ സംഭവത്തെക്കുറിച്ച് ഗൗരവതരമായ ഒരന്വേഷണം നടത്താൻ ഗവൺമെന്റ് തയ്യാറാകണം. അതിന് തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ഡോ. എം. കെ. മുനീർ: സർ, 23-01-2018-ൽ ലോക കേരള സഭയെ സംബന്ധിച്ച് സർവ്വശ്രീ. പി. വി. അൻവർ, ഇ. പി. ജയരാജൻ, കെ. വി. അബ്ദുൾ ഖാദർ, ശ്രീമതി വീണാ ജോർജ് എന്നിവർ ഉന്നയിച്ച ചോദ്യത്തിന് മുഖ്യമന്ത്രി നൽകിയ  മറുപടി, ഈ സഭയുടെ പ്രവർത്തനത്തിന്റെ ഒരു പ്രധാന കാര്യം നിക്ഷേപകർക്ക് ഏകജാലക സംവിധാനത്തിലൂടെ ആവശ്യമായ അനുവാദം നൽകുക എന്നുള്ളതാണ്. ഈ ഒരു സംവിധാനമുണ്ടെങ്കിൽ ഇവിടെ വരുന്ന പ്രവാസി നിക്ഷേപിക്കാൻ ആയിരം ആളുകളുടെ മുന്നിൽപ്പോകുന്നത് എന്തിനാണ്? അപ്പോൾ ശ്രീ. ഇ. പി. ജയരാജൻ എന്നുപറയുന്ന വ്യക്തിയാണോ ഏകജാലകം; അതല്ല ശ്രീ. പി. ജയരാജാണോ ഏകജാലകം; അതല്ല അവിടത്തെ ചെയർപേഴ്സൺ ശ്രീമതി ശ്യാമളയാണോ ഏകജാലകം; അങ്ങനെ ആശയക്കുഴപ്പമുണ്ടാകുമ്പോൾ ഒരു പ്രവാസിക്ക് ജീവിതമൊടുക്കുകയല്ലാതെ വേറെ എന്താണ് മാർഗ്ഗം?  ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിൽ ബോർഡിന് പ്രസക്തിയില്ലെന്ന് പറഞ്ഞ് സെക്രട്ടറിമാർക്ക് ഇത്രയും അധികാരം നൽകിയത് ഈ ഗവൺമെന്റ്

തന്നെയാണ്. ഏകജാലകം എന്താണെന്ന നിർവ്വചനം നിർബന്ധമാണെന്നതാണ് രണ്ടാമത്തെ ആത്മഹത്യയും സൂചിപ്പിക്കുന്നത്. നമ്മൾ ആലോചിക്കേണ്ട ഒരു കാര്യം, പ്രവാസിയുടെ മറ്റൊരു പേര് ത്യാഗി എന്നാണ്. കുടുംബത്തിലെ എല്ലാ പ്രാരാബ്ദവും ഏറ്റെടുത്തുകൊണ്ട് കുടുംബത്തിനുവേണ്ടി ജീവിതം ഉഴിഞ്ഞുവയ്ക്കുന്നവനാണ് പ്രവാസി. നൈജീരിയയിൽ തന്റെ മുഴുവൻ ജീവിതവും സമർപ്പിച്ച സാജൻ തിരിച്ചുവന്ന് അദ്ദേഹത്തിന്റെ പേരിൽ തുടങ്ങാൻ പറ്റാത്തതുകൊണ്ടാണ് ഭാര്യയുടെയും ഭാര്യാ പിതാവിന്റെയും പേരിൽ 15 കോടി രൂപ മുടക്കി ആഡിറ്റോറിയം പണിതത്. 15 കോടി എന്നുപറഞ്ഞാൽ അദ്ദേഹത്തിന്റെ ജീവിതമാണത്. അത് മുഴുവനായി നഷ്ടപ്പെടുമെന്ന് കാണുമ്പോൾ വിഭ്രാന്തിയുണ്ടാകും. ആ വിഭ്രാന്തിയെ മോശമായി പറഞ്ഞിട്ട് കാര്യമില്ല. ആ വിഭ്രാന്തിയിലാണ് അദ്ദേഹം അത് ചെയ്തിട്ടുള്ളത്. ഇതിനുമുമ്പ് ഇതേപോലൊരു പ്രവാസിയെ നമ്മൾ ഇവിടെ നിന്നും പറഞ്ഞയച്ചില്ലേ; വർക്ക്ഷോപ്പ് തുടങ്ങാൻ ശ്രമിച്ച സുഗതൻ. സി.പി.ഐ.-എ.ഐ.വൈ.എഫ്. ആണ് അതിന്റെ പിന്നിലെന്ന് പറഞ്ഞപ്പോൾ ഇവിടെ അതിനെതിരെ പ്രതിഷേധിച്ചു. പക്ഷെ, പത്രത്തിൽ വന്ന വാർത്ത എന്താണെന്ന് അറിയുമോ; വിളക്കുടി ഇളമ്പലിൽ വർക്ക്ഷോപ്പിൽ പ്രവാസി

ജീവനൊടുക്കിയ സംഭവത്തിൽ സി.പി.ഐ.-എ.ഐ.വൈ.എഫ്. പ്രവർത്തകരുടെ പേരിൽ പോലീസ് കേസെടുത്തു. ആത്മഹത്യാ പ്രേരണാ കുറ്റമാണ് ഇവർക്കെതിരെ ചുമത്തിയത്. ആത്മഹത്യാ പ്രേരണാ കുറ്റം ചുമത്തി പോലീസ് കേസെടുത്ത കാര്യം ഞങ്ങൾ ഇവിടെ വിശദീകരിച്ചാൽ ഞങ്ങളുടെ മേൽ കയറുന്നത് എന്തിനാണ്? പല പദ്ധതികളും നടപ്പിലാക്കിയ കൂട്ടത്തിൽ ഇടതുപക്ഷത്തിന്റെ അടുത്ത പദ്ധതിയായി "പ്രവാസിക്ക് ഒരു കയർ" എന്ന പദ്ധതി വരികയാണ്. സത്യത്തിൽ നമ്മൾ ആലോചിക്കേണ്ടത് പ്രവാസിക്ക് ഇങ്ങനെയുള്ള ഒരു സ്വീകരണമാണോ നൽകേണ്ടത് എന്നാണ്. ചുവന്ന പരവതാനി വിരിച്ച് പ്രവാസിയെ കൈ പിടിച്ച് കൊണ്ടുവന്ന് എന്താണ് വേണ്ടതെന്ന് ചോദിക്കുമെന്ന് ലോക കേരള സഭയിൽ നമ്മൾ വാക്കുകൊടുത്തിട്ട് അനുമതി കിട്ടുന്നതിനായി ഒരു പ്രവാസി തെക്കും വടക്കും നടക്കുക എന്നുപറഞ്ഞാൽ എന്താണ് അതിന്റെ അർത്ഥം? മാത്രമല്ല, ഇവിടെ ജില്ലാ പ്ലാനിംഗ് ഓഫീസർ മുഴുവനായി അംഗീകാരം കൊടുത്തിട്ടുള്ള, ഏതെങ്കിലും സമയത്ത് ഇൻസ്പെക്ട് ചെയ്താൽ അത് ആദ്യം പറയണ്ടേ. ഈ സഹോദരൻ എല്ലാ രീതിയിലും പണി പൂർത്തീകരിച്ചു. ലൈസൻസില്ലാതെ രണ്ട് കല്യാണം അവിടെ വച്ച് നടത്തേണ്ടിവന്നു. മുടക്കിയ പണം തിരിച്ച് കിട്ടേണ്ടേ; ഇപ്പോൾ

എന്ത് സംഭവിച്ചുവെന്ന് അറിയാമോ; അവിടെ വച്ച് കല്യാണം നടന്നവരുടെ സ്ഥിതി എന്താണെന്ന് എനിക്ക് പറയാൻ കഴിയില്ല. ആ രണ്ട് പേർക്കും വിവാഹ സർട്ടിഫിക്കറ്റ് കിട്ടുന്നില്ല. ലൈസൻസില്ലാത്ത ഈ മണ്ഡപത്തിൽവച്ച് കല്യാണം കഴിച്ചതുകൊണ്ട് നിങ്ങളുടെ കല്യാണം കല്യാണമല്ലെന്ന് പറഞ്ഞിരിക്കുകയാണ്. അതുകൊണ്ട് അവർക്ക് അവരുടെ ജീവിതം തുടങ്ങാൻ സാധിച്ചിട്ടില്ല. എവിടെയെങ്കിലുംപോയി താമസിച്ചാൽ അവർ അവിഹിതത്തിൽ ഏർപ്പെട്ടുവെന്ന് പറയും.

മി. സ്പീക്കർ: അതൊരു പുതിയ വിവരമാണല്ലോ?

ഡോ. എം. കെ. മുനീർ: ഇത്തരത്തിലുള്ള അപകടകരമായ അവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കാൻ എന്താണ് വഴി എന്നത് സംബന്ധിച്ച് മന്ത്രി മറുപടി പറയുന്നതിന് പകരം ഇനിയും ന്യായ അന്യായങ്ങളിലേയ്ക്ക് പോകുകയല്ല വേണ്ടത്. മുഖ്യമന്ത്രി പറഞ്ഞ വാക്ക് നമ്മൾ സ്വീകരിക്കുന്നു. ആരാണെങ്കിലും മുഖം നോക്കാതെ ഇതിന്മേൽ നടപടിയെടുക്കുമെന്ന് അദ്ദേഹം പറഞ്ഞത് ഞങ്ങൾ കാത്തിരിക്കുകയാണ്. ഞങ്ങൾക്ക് ഉദ്യോഗസ്ഥന്മാരുടെ അന്വേഷണം ആവശ്യമില്ല. മുഖ്യമന്ത്രി മുൻകയ്യെടുത്ത് പോലീസിനെക്കൊണ്ട് ഇത് അന്വേഷിപ്പിച്ച് കുറ്റവാളികളെ, ഒരു പ്രേരണാക്കുറ്റം ഇതിന്റെ പിന്നിലുണ്ട്.

അവരുടെ പേരിൽ ശക്തമായ നടപടി സ്വീകരിക്കാൻ മുഖ്യമന്ത്രി ധൈര്യം കാണിക്കണം. ഇക്കാര്യത്തിൽ അവിടത്തെ എം.എൽ.എ.യുടെ അഭിപ്രായം അറിയാൻ ഞങ്ങൾക്ക് ആഗ്രഹമുണ്ട്. ഞാൻ മനസ്സിലാക്കുന്നത് അവരുടെ ഉള്ളിന്റെയുള്ളിലെല്ലാം, ശ്രീ. ഇ. പി. ജയരാജനായാലും ഇതിൽ അമർഷം ഇല്ലാതിരിക്കില്ല എന്നാണ്. പ്രവാസികളോട് ഈ രീതിയിൽ തദ്ദേശ സ്ഥാപനങ്ങൾ പെരുമാറുന്ന സാഹചര്യം ഇനിമേലിൽ ഉണ്ടാകരുത്. ഇത് ചർച്ചയ്ക്കെടുക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും ഇറങ്ങിപ്പോകുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. പി. ജെ. ജോസഫ്: സർ, സംഭവിക്കാൻ പാടില്ലാത്തതാണ് സംഭവിച്ചത്. സഭയുടെ പൊതുവായ വികാരമാണത്. ഈ മുൻസിപ്പാലിറ്റിയിൽ കാര്യങ്ങൾ നേരേ ചൊവ്വേയല്ല പോകുന്നത്. ഇതേ മുൻസിപ്പാലിറ്റിയെ സംബന്ധിച്ച് ഇന്നത്തെ പത്രത്തിലെ വാർത്ത, തുള്ളിവെള്ളം തരാത്ത പാർട്ടിയെന്ന വിമർശനം; ജീവനൊടുക്കാൻ ശ്രമിച്ച് യുവാവ്; സംഭവം കണ്ണൂരിലെ ആന്തൂർ നഗരസഭയിൽ. കുടിവെള്ളം കിട്ടാത്തതിന്റെ പേരിൽ ശ്രുക്ഷ

വിമർശനം നടത്തി. അതിയായ സമ്മർദ്ദം..., പിൻവലിക്കാൻ ആവശ്യപ്പെട്ടു. സമ്മർദ്ദം കൂടിവന്നപ്പോൾ അദ്ദേഹം സാരിയിൽ കെട്ടിത്തൂങ്ങി. ഭാര്യ ഓടിവന്ന് സാരി കണ്ടിച്ച് താഴെയിറക്കി ആശുപത്രിയിൽ കൊണ്ടുപോയതിനാൽ കഷ്ടിച്ച് രക്ഷപ്പെട്ടു. ഈ മുൻസിപ്പാലിറ്റിയിലാണ്. ആരെല്ലാമാണ് ഭീഷണിപ്പെടുത്തിയതെന്ന് ക്ലിയറാണ്. അദ്ധ്യക്ഷ പി. കെ. ശ്യാമള, ഉപാദ്ധ്യക്ഷൻ കെ. ഷാജു തുടങ്ങിയവർ. ഈ ഗ്രൂപ്പിൽ തുടർച്ചയായി രൂക്ഷ വിമർശനം വന്നപ്പോൾ ഇത് പിൻവലിക്കാൻ ആവശ്യപ്പെട്ടു, തയ്യാറായില്ല. എന്നിട്ട് കൗൺസിലർ പറയുകയാണ് നഗരസഭാ കൗൺസിലറെന്ന നിലയിൽ അടുത്ത ദിവസങ്ങളിൽ നാല് തവണ അവിടെ പോയിരുന്നു. ഇയാൾ സ്ഥലത്തില്ലായിരുന്നുവെന്നും അവിടെ കുടിവെള്ളക്ഷാമം ഇല്ലെന്നും പ്രസ്താവന ഇറക്കിയിരിക്കുകയാണ്. കുടിവെള്ള ക്ഷാമം ഉണ്ടെന്നുള്ള അദ്ദേഹത്തിന്റെ പ്രസ്താവന പിൻവലിക്കാനുള്ള സമ്മർദ്ദം കൂടിയപ്പോൾ അയാൾ സാരിയിൽ കെട്ടിത്തൂങ്ങി. ഈ മുൻസിപ്പാലിറ്റിയിൽ എന്താണ് നടക്കുന്നത്; മുഖ്യമന്ത്രി അന്വേഷിക്കണം. നമ്മുടെ സംസ്ഥാനത്ത് ഇനിമേലിൽ ഇങ്ങനെയുണ്ടാകാൻ പാടില്ല. ചില്ലറ ന്യായങ്ങൾ, ഇതിൽ പറഞ്ഞിട്ടുണ്ട് ടൗൺ പ്ലാനിംഗ് ആഫീസറുടെ സർട്ടിഫിക്കറ്റ് വേണം. ചില്ലറ ന്യായങ്ങൾ പറഞ്ഞ് തദ്ദേശ

സ്വയംഭരണ സ്ഥാപനങ്ങളോ പഞ്ചായത്തുകളോ മുൻസിപ്പാലിറ്റികളോ ആളുകളെ ബുദ്ധിമുട്ടിക്കാൻ പാടില്ല. കർശനമായ നടപടിയുണ്ടാകണം. ഒരു വീട് പണിതാൽ അതിൽ താമസിക്കാൻ, ഈ ഗവൺമെന്റിന്റെ കാലത്ത് മാത്രമല്ല, തൊടുപുഴ മുനിസിപ്പാലിറ്റിയിൽ ഉണ്ടായിട്ടുണ്ട്. ഒരു കെട്ടിടം പണിതിട്ട് സർട്ടിഫിക്കറ്റ് കിട്ടാത്തതിന്റെ പേരിൽ ഉടമസ്ഥൻ മനം തകർന്ന് അടുത്ത കാലത്ത് മരിച്ചു. അദ്ദേഹത്തിന്റെ മക്കൾ വന്നുപറഞ്ഞു അപ്പന് ഇത്രയേ പ്രായമുള്ളൂ, ഇതിന്റെ പേരിലാണ് മരിച്ചത്. തളർന്ന് എഴുന്നേറ്റിട്ടില്ല. എന്റെ അറിവിൽപ്പെട്ട ഒരു കെട്ടിടം നാല് നിലവരെ പൊങ്ങി വെറുതേ കിടക്കുകയാണ്. ഞാൻ ചോദിച്ചപ്പോൾ അവിടത്തെ ചില ഉദ്യോഗസ്ഥന്മാർ പണിയാൻ സമ്മതിക്കുന്നില്ല, പണിതാൽ സർട്ടിഫിക്കറ്റ് തരില്ലെന്ന് പറഞ്ഞിരിക്കുകയാണ്. പിന്നെ എങ്ങനെയാണ് പണം മുടക്കുന്നത്? ഇത്തരം ഏർപ്പാടുകൾ ഇനിയുണ്ടാകാൻ പാടില്ല. ഇത് സംബന്ധിച്ച് മുഖ്യമന്ത്രിതന്നെ അന്വേഷിക്കണം. പ്രവാസിയാകട്ടെ അല്ലാത്തവരാകട്ടെ, സാധാരണക്കാർക്ക് ഇത്തരം സംഭവങ്ങളുണ്ടാകാൻ പാടില്ല. ഇത് സഭയുടെ മൊത്തം വികാരമായെടുത്ത് മുഖ്യമന്ത്രിയുടെ മറുപടി ഞാൻ വിശ്വസിക്കുന്നു. അതനുസരിച്ച് നടപടിയുണ്ടാകുമെന്ന് ഞാൻ വിശ്വസിക്കുന്നു. എങ്കിലും സഭ

നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യാത്തതിനാൽ ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, പ്രവാസികൾക്കായി ഗവൺമെന്റ് ഒട്ടനവധി നടപടികളും പ്രഖ്യാപനങ്ങളും നടത്തിയിട്ടുണ്ട്. മടങ്ങി വരുന്ന പ്രവാസികളുടെ തൊഴിൽ സംരക്ഷിക്കുന്നതിനും പുനരധിവാസ പ്രവർത്തനങ്ങൾക്കുമായി NDPREM പദ്ധതി നടപ്പിലാക്കിയതായി ഗവൺമെന്റ് മറുപടിയിൽ പറഞ്ഞു. പ്രവാസികൾക്കായി ജില്ലാ പ്രവാസി പരാതി പരിഹാര കമ്മിറ്റികൾ ഗവൺമെന്റ് രൂപീകരിച്ചിട്ടുള്ളതായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ പറഞ്ഞു. കൂടാതെ ഏകജാലക സംവിധാനം, ഇത്തരത്തിലുള്ള ഒട്ടേറെ പദ്ധതികൾ. പ്രവാസികൾ മടങ്ങിവരുന്നതുമായി ബന്ധപ്പെട്ട് അവർക്ക് സ്വയംതൊഴിൽ കണ്ടെത്തുവാനും പുതിയ സംരംഭങ്ങളാരംഭിക്കുവാനും അനവധി പദ്ധതികൾ ഗവൺമെന്റ് പ്രഖ്യാപിക്കുന്നു എന്നതൊഴിച്ചാൽ അവയൊന്നും നടപ്പിലാകുന്നില്ലെന്നതാണ് തുടരെ വരുന്ന ഇത്തരം സാഹചര്യങ്ങൾ

കാണിക്കുന്നത്. പുനലൂരിൽ സുഗതനും ഇപ്പോൾ സാജനും ആത്മഹത്യ ചെയ്ത സാഹചര്യം കേരളത്തിൽ നിലനിൽക്കുകയാണ്. അത് ഏറ്റവും ഗൗരവമായി ഗവൺമെന്റ് കാണണമെന്നാണ് സൂചിപ്പിക്കാനുള്ളത്. ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത് ഇത് ഒറ്റപ്പെട്ട സംഭവമല്ല, ഇത്തരത്തിലുള്ള അനവധി സംഭവങ്ങൾ കേരളത്തിലെ തദ്ദേശ സ്ഥാപനങ്ങളിൽ ഉണ്ടാകുന്നുണ്ട്. പഞ്ചായത്ത്, മുനിസിപ്പൽ സെക്രട്ടറിമാർ അവരുടേതായ രീതിയിലുള്ള പ്രവർത്തനവുമായി പോകുമ്പോൾ സാധാരണക്കാർക്ക് വളരെ ക്ലേശകരമായ സാഹചര്യങ്ങളുണ്ടാകുന്നുണ്ട്. വീടുകൾക്ക് നമ്പർ നൽകാത്തത് തുടങ്ങി ഇത്തരത്തിലുള്ള ധാരാളം വിഷയങ്ങൾ ചൂണ്ടിക്കാട്ടുവാൻ സാധിക്കും. തൊടുപുഴയെ സംബന്ധിച്ചുള്ള കാര്യം ശ്രീ. പി. ജെ. ജോസഫ് ഇവിടെ പറഞ്ഞു. അതുപോലെ എന്റെ നിയോജക മണ്ഡലത്തിൽ സംഭവിച്ചിട്ടുള്ള ഒട്ടനവധി വിഷയങ്ങൾ പറയുവാനുണ്ട്. നിസ്സാര കാര്യങ്ങളുടെ പേരിൽ കെട്ടിട നമ്പർ നൽകാതെ അപേക്ഷകരെ തെക്കോട്ടും വടക്കോട്ടും നടത്തുന്ന സാഹചര്യങ്ങൾ ഇന്നും നിലനിൽക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രിക്ക് ഇക്കാര്യത്തിൽ വളരെ ശക്തമായി ഇടപെടുവാൻ കഴിയണം. ഉദ്യോഗസ്ഥർക്ക് ജനങ്ങളോടുള്ള പ്രതിബദ്ധതയല്ലല്ലോ

ജനപ്രതിനിധികൾക്കുണ്ടാകേണ്ടത്. നഗരസഭാദ്ധ്യക്ഷയെപ്പറ്റി ശ്രീ. സണ്ണി ജോസഫ് സൂചിപ്പിച്ചത് പോലെയാണെങ്കിൽ എത്ര നിരുത്തരവാദപരമായാണ് അവർ ഈ പ്രവാസിയോട് സമീപിച്ചത്. ' നിങ്ങൾക്ക് മുകളിലല്ലേ പിടിപാട് എന്നാണ് അവർ ചോദിച്ചത്. ജനപ്രതിനിധികൾക്ക് കൂടുതൽ ഉത്തരവാദിത്വവും പ്രതിബദ്ധതയും ജനങ്ങളോടുണ്ടെന്ന് ഓർമ്മിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ വിഷയം വളരെ ഗൗരവമേറിയതാണ്. പ്രവാസികളെ സംബന്ധിച്ച് വലിയ ആശങ്ക ഇതുകാരണം ഉടലെടുത്തിട്ടുണ്ട്. അത് നീക്കാനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കണം. പ്രസ്തുത വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. ഒ. രാജഗോപാൽ</u>: സർ, എല്ലാവിധ സാഹചര്യങ്ങളുമുണ്ടായിട്ടും നമ്മുടെ നാട്ടിൽ വേണ്ടത്ര വ്യവസായങ്ങൾ വരാത്തത് ഒരു പ്രശ്നമാണെന്ന് എല്ലാവർക്കുമറിയാം. വ്യവസായങ്ങൾക്കുവേണ്ടി മുന്നോട്ടുവരുന്നവരെ ഉദ്യോഗസ്ഥന്മാർ ഒന്നുകിൽ കാശിനുവേണ്ടിയോ അല്ലെങ്കിൽ രാഷ്ട്രീയ താത്പര്യം വച്ചുകൊണ്ടോ അല്ലെങ്കിൽ ആരെയെങ്കിലും

തൃപ്തിപ്പെടുത്തുന്നതിനുവേണ്ടിയോ ചെറിയ ചെറിയ കാര്യങ്ങളുടെ പേരിൽ വലിയ ഡെവലപ്മെന്റൽ ആക്ടിവിറ്റീസിനെ മുടക്കുന്ന സ്വഭാവം നമ്മുടെ നാട്ടിലുണ്ടെന്ന് നമുക്കറിയാം. അതിനെതിരെ നല്ല മെസേജ് കൊടുക്കാൻ ഇത്തരം അവസരത്തിൽ ചർച്ച ചെയ്ത് ശക്തമായ നിലപാടെടുക്കണം. അത് ചെയ്യുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞിട്ടുണ്ട്. ശക്തമായ നിലപാടെടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഈ വിഷയം ഇവിടെ ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭവിട്ട് പുറത്തുപോയി.)

(സഭവിട്ട് പുറത്തുപോയ അംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു)